LIBRARY ARCHIVES Kerala Legislative Assembly

**പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി**

48(1033) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണ വില നിലവിൽ എത്രയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പച്ചത്തേങ്ങയുടെ സംഭരണ വില എത്ര രൂപ വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണ വില 1-4-2021 മുതൽ കിലോയ്ക്ക് 32 രൂപയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പച്ചത്തേങ്ങയുടെ സംഭരണ വില സ.ഉ(കൈ) നമ്പർ 87/2019/കൃഷി, 29-6-2019-ലെ ഉത്തരവ് പ്രകാരം 25 രൂപയിൽനിന്നും 27 രൂപയായും 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംഭരണവില സ.ഉ. (കൈ) നമ്പർ 38/ 2021/കൃഷി, 25-2-2021-ലെ ഉത്തരവ് പ്രകാരം 27 രൂപയിൽനിന്നും 32 രൂപയായി വർദ്ധിപ്പിച്ചും ഉത്തരവായിട്ടുണ്ട്.

(ബി) പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ അടിസ്ഥാനവില നിശ്ചയിച്ചിട്ടുള്ള കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

49 (1034) ശ്രീ. പി. അബ്ദുൽ ഹമീദ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ മൂന്നിയൂർ, പെരുവള്ളൂർ, വള്ളിക്കുന്നം എന്നീ പഞ്ചായത്തുകളിൽ യഥാക്രമം 2017- 18, 18-19, 19-20 എന്നീ വർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ ചേലാമ്പ്ര, തേഞ്ഞിപ്പാലം എന്നീ പഞ്ചായത്തുകളെകൂടി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തെങ്ങു കൃഷി മുഖ്യമായിട്ടുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി മുൻഗണന നൽകി തെരഞ്ഞെടുത്തു വരുന്നത്.

**കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ**

50 (1035) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം(എ)യിൽ ചേർത്തിരിക്കുന്നു.* കേന്ദ്ര സർക്കാർ അനുശാസിക്കുന്ന ദേശീയ സുസ്ഥിര കാർഷിക മിഷൻ മാർഗ്ഗരേഖയ്ക്ക് അനുസൃതമായാണ് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത്. പദ്ധതികളിൽ എല്ലാംതന്നെ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാവും ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക കൃഷി ഭവനിൽനിന്നും ലഭിക്കും. അപേക്ഷകൾ പൂർണമായും ഓൺലൈനായി കൃഷി വകുപ്പിന്റെ പോർട്ടലായ aims.kerala.gov.in-യിൽ സമർപ്പിക്കാൻ സജ്ജമാക്കുന്ന നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ പ്രധാനമായും വിള പരിപാലനം എന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly